# പ്രസിഡണ്ട് തെരഞ്ഞെടുപ്പില് മാലദ്വീപ് സുപ്രീം കോടതിയുടെ ഉത്തരവ്

ഒക്ടോബര് 10, 2013

സെപ്തംബര് ഏഴിന് നടന്ന ഒന്നാം ഘട്ട പ്രസിഡണ്ട് തെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ടും പുതിയ തെരഞ്ഞെടുപ്പ് നടത്തുവാന് ആവശ്യപ്പെട്ടും ഒക്ടോബര് ഏഴിന് മാലദ്വീപ് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ഞങ്ങള് ശ്രദ്ധിക്കുകയുണ്ടായി.

മാലിയുടെ അടുത്ത സുഹൃത്തും അയല്രാജ്യവും എന്ന നിലയില് മാലിയിലെ സുസ്ഥാപിതനിയമത്തിനും ജനാധിപത്യ പ്രക്രിയകള് ശക്തിപ്പെടുത്തുവാനും ഇന്ത്യ നിരന്തരമായ പിന്തുണ നല്കിയിട്ടുണ്ട്. നിറുത്തി വയ്ക്കപ്പെട്ട തെരഞ്ഞെടുപ്പ് പ്രക്രിയ വീണ്ടും നടപ്പാക്കുന്നത് പ്രധാനപ്പെട്ട കാര്യമാണ് എന്നു ഞങ്ങള് വിശ്വസിക്കുന്നു. മാലദ്വീപിലെ ജനങ്ങളുടെ ജനാധിപത്യ അഭിലാഷമനുസരിച്ചും താത്പര്യമനുസരിച്ചും ഒരു പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി കോടതി വിധിയില് പറഞ്ഞിട്ടുള്ള പുതിയ തെരഞ്ഞെടുപ്പ് തീയതികള് കൃത്യമായി നടപ്പാക്കണം എന്നു ഇന്ത്യ ശക്തമായി ആവശ്യപ്പെടുന്നു.

ഈ അടുത്ത കാലത്തുണ്ടായ രാഷ്ട്രീയ അക്രമങ്ങളെ ഞങ്ങള് അപലപിച്ചിരുന്നു അതോടൊപ്പം ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കാന് അഭ്യര്ഥിക്കുകയും കൂടുതല് ഭരണഘടനാപരമായ നടപടികളില് നിന്നും വിട്ടു നില്ക്കുവാനും ആവശ്യപ്പെട്ടിരുന്നു .

മാലദ്വീപിലെ ഭരണഘടന നിശ്ചയിച്ചതു പോലെ നവംബര് പതിനൊന്നിന് ( നവംബര് 11 , 2013 ) ശേഷം ഒരു നല്ല മാറ്റത്തിന് വേണ്ടി സ്വതന്ത്രവും , .കളങ്കഹീനമായ , വിശ്വാസയോഗ്യമായ തെരഞ്ഞെടുപ്പ് വളരെ സമാധാനപരമായ അന്തരീക്ഷത്തില് നടത്തുന്നതിനു മാലദ്വീപിലെ പ്രവര്ത്തനങ്ങളെ ഞങ്ങള് പ്രോത്സാഹിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ടു പ്രസിഡണ്ട് തെരഞ്ഞെടുപ്പില് നിന്നും മുന് പ്രസിഡണ്ട് മൊഹമ്മദ് നഷീദിനെ വിലക്കാനുള്ള ശ്രമങ്ങളെ അധിക്ഷേപിച്ചു കൊണ്ട് ഇന്നുച്ചയ്ക്ക് മാലദ്വീപ് പ്രസിഡണ്ട് നടത്തിയ പ്രസ്താവനയെ ഇന്ത്യ സ്വാഗതം ചെയ്യുന്നു .

മാലദ്വീപിലെ ഗവണ്‍മെന്റുമായും അവരുടെ ഭരണഘടനയുമായും ചേര്‍ന്ന് തെരഞ്ഞെടുപ്പിനെ വിജയിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രതിബദ്ധതയില്‍ ഇന്ത്യ തുടരും

ന്യൂ ഡെല്‍ഹി

ഒക്ടോബര്‍ 10, 2013